**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2906** **18-03-2022 - ൽ മറുപടിയ്ക്ക്**

**മുട്ടിൽ മരംമുറി അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ . സണ്ണി ജോസഫ്** | | **null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | മുട്ടിൽ മരംമുറി സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങളാണ് നാളിതുവരെ പ്രഖ്യാപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് സമഗ്രമായ അന്വേഷണം നടത്തുന്നതിനായി എ.ഡി.ജി.പി ക്രൈം ബ്രാഞ്ചിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | അന്വേഷണം പ്രഖ്യാപിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും അന്വേഷണം എങ്ങുമെത്തിയില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മരം മുറിയിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) | വയനാട് ജില്ലയിലെ മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ മൂന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിഷയത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (ഡി) | വയനാട് ജില്ലയിലെ മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ മൂന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടതും ലക്കിടി ചെക്പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്നതുമായ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. വി.എസ്. വിനേഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ഇ.പി. ശ്രീജിത്ത് എന്നിവരെ സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ കൃത്യം നടന്ന കാലയളവിൽ മുട്ടിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ.ബി.പി.രാജുവിനെയും ഇതുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ച് വരുന്നു. |
| (ഇ) | പ്രസ്തുത സംഭവത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തി സസ്പെൻഡ് ചെയ്ത ഉദ്യോഗസ്ഥരെ അന്വേഷണം പൂർത്തിയാകും മുൻപ് ജോലിയിൽ തിരികെ എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) | ഇവർക്കെതിരെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി മറുപടി വാങ്ങിയശേഷമാണ് തിരികെ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ